## ഗവ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ

### വാളത്തുംഗൽ




# e - ഭാവന

Little Kites

We Play* We Explore* We Learn

# നൂറ്റിയമ്പതിന്റെ നിറവിൽ






# താളുകളിലൂടെ..............

1.ആമുഖം

2.സന്ദേശം

3.എഡിറ്റോറിയൽ ബോർഡ്

4.സ്കൂൾ സാരഥികൾ

5.വായാനാകുറിപ്പ്

6.കഥ

7.കവിത

8.വിവിധ ക്ലബ്ബ്കൾ

9.എൻ സി സി -എസ് പി സി

10.മഹാഭാരതം

11.ജീവചരിത്രം

12.കഥ

13.ഇന്ത്യ


14.കഥ

15.പടവുകൾ

# ആമുഖം

*വിവര സാങ്കേതിക വിദ്യയുടെ കടന്നുവരവ് വിദ്യാഭ്യാസത്തിൽ അനുദിനം മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി പൊതുവിദ്യാലയങ്ങൾ മികവിന്റെ ശക്തികേന്ദ്രങ്ങളാകുന്നു. വിവരസാങ്കേതിക വിദ്യയും ഐ.റ്റി അധിഷ്ഠിത ക്ലാസ്റൂം പഠനവും ചേർന്ന് പൊതു വിദ്യാഭ്യാസം ഹൈടെക്ക് ആയി മാറിയിരിക്കുകയാണ്. അക്കാദമിക് മികവും ഹൈടെക്ക് മികവിലേക്ക് മാറിയിരിക്കുകയാണ്. നമ്മുടെ എഴുത്തും വായനയും സർഗ്ഗാത്മകതയും ഹൈടെക്കിലേക്ക് വഴിമാറിയിരിക്കുകയാണ്. e- മാഗസീൻ എന്ന പുതിയ സംരഭത്തെ ലിറ്റിൽ കൈറ്റ്സ് മുന്നോട്ട് വെയ്ക്കുകയാണ്. വൈജ്ഞാനിക – കല – സാഹിത്യ -സാംസ്കാരിക – വിദ്യാഭ്യാസ മേഖലകളിലേക്ക് നമ്മുടെ സ്കൂൾ കുട്ടികൾ കടന്നു ചെന്ന് ഭാവന ചിറകു വിടർത്തുന്നതാണ്* e- ഭാവന *എന്ന നമ്മുടെ ഡിജിറ്റൽ മാസിക. ഈ ഉദ്യമത്തിന് എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിച്ചുകൊണ്ട് ഞങ്ങൾ സവിനയം സമർപ്പിക്കുന്നു.*

*എഡിറ്റർ*



സോമലത എസ്

ഹെഡ്മിസ്ട്രസ്

ഗവ .എച്ച് .എസ് .എസ് വാളത്തുംഗൽ 2018 ൽ നിലവിൽ വന്ന 'ലിറ്റിൽ കൈറ്റ്സ് ' എന്ന ഐ .റ്റി അധിഷ്ഠിത പ്രവർത്തനങ്ങളുടെ ഭാഗമായ ഇ – മാഗസിൻ ,നമ്മുടെ സ്കൂളിൽ നിന്നും ഇ -ഭാവന എന്ന പേരിൽ കുട്ടികൾ പ്രസിദ്ധീകരിക്കുന്നു . ഇതിനായി പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ അഭിനന്ദനങ്ങൾ . 150 -ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സ്കൂളിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനുള്ള ഇത്തരം പ്രവർത്തനങ്ങൾ തുടർന്നും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു . ഇതിനായി പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ അബ്ദുൾ സലാം സാറിനും കൈറ്റ് മിസ്ട്രസ് ശ്രീജ ടീച്ചറിനും കൈറ്റ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ .

ഹെഡ് മിസ്ട്രസ്

# എഡിറ്റോറിയൽ ബോർഡ്



# കൈറ്റ് മാസ്റ്റേഴ്സ്



അബ്ദുൾ സലാം



ശ്രീജാ ചന്ദ്രൻ

## ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾ



## സ്കൂൾ സാരഥികൾ



## വായനാക്കുറിപ്പ്
## സഹജ – രവീന്ദ്രനാഥ ടാഗോർ

വിശ്വസാഹിത്യകാരൻ രവീന്ദ്രനാഥടാഗോറിന്റെ സഹജ എന്ന പുസ്തകമാണ് ഞാൻ പരിചയപ്പെടുത്താൻ പോകുന്നത്. ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രൊഫസർ ബി വത്സലകുമാരിയാണ്. ടാഗോറിനെക്കുറിച്ച് പറയുകയാണെങ്കിൽ ഇന്ത്യയിൽ ആദ്യമായി നോബൽ സമ്മാനം ലഭിച്ചത് ടാഗോറിനാണ്. 1913- ൽ ഗീതാഞ്ജലി എന്ന പുസ്തകത്തിനാണ് അവാർഡ് ലഭിച്ചത്. ടാഗോറിന് നോവൽ സമ്മാനം ലഭിച്ച ഗീതാഞ്ജലി എന്ന പുസ്തകത്തിൽ പറയുന്നുണ്ട് പാടത്ത് പണിയെടുക്കുന്നവന്റെയും പാറപൊട്ടിക്കുന്നവന്റെയും റോഡ്പണിക്കാരന്റെയും ഹൃദയത്തിലാണ് ഈശ്വരൻ കുടിയിരിക്കുന്നതെന്ന്. ഈ പുസ്തകത്തിലെ ഗുണപാഠം നിറഞ്ഞ ഒരു കഥ ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. ഒരിക്കൽ ഒരിടത്തൊരു തത്ത ഉണ്ടായിരുന്നു ആ തത്തയ്ക്ക് യാതൊന്നും അറിഞ്ഞുകൂടായിരുന്നു. ആ തത്തയുടെ സ്വഭാവം വളരെ മോശപ്പെട്ടതായിരുന്നു. അവിടുത്തെ രാജാവ് പ്രജകളോട് ആ തത്തയ്ക്ക് നല്ലൊരു പരിശീലനം കൊടുക്കണമെന്ന് കൽപ്പിച്ചു. അങ്ങനെ ഈ ചർച്ച രാജ്യസദസ്സിൽ എത്തുകയും ആ തത്തയുടെ ബുദ്ധിമോശത്തിന് കാരണം മോശപ്പെട്ട കൂട്ടുകളിൽ താമസിക്കുന്നതു കൊണ്ടാണ് എന്ന് രാജസദസ്സിലെ അംഗങ്ങൾ കണ്ടെത്തി. തത്തയുടെ പരിശീലനത്തിന്റെ ആദ്യപടി ഒരു നല്ല കൂടാണെന്ന് അവർ കണ്ടെത്തി. അങ്ങനെ ഒരു കാഞ്ചനക്കൂട് തന്നെ അവിടെ നിർമ്മിക്കപ്പെട്ടു. അങ്ങനെ മനോഹരമായ ഈ കൂട് കണ്ട് നാട്ടുകാർ പറഞ്ഞു നടന്നിരുന്നു. തത്ത ഒഴികെ ബാക്കിയുള്ളതെല്ലാം ഐശ്വര്യപൂർണമായി തീർന്നു എന്ന്. ഈ വാർത്ത രാജാവിന്റെ ചെവിയിലെത്തി. ആ മനോഹരമായ കൂട് കണ്ട് രാജാവ് ആ കാഞ്ചനക്കൂട്ടിലെത്തി. ആ മനോഹരമായ കൂട്കണ്ട് രാജാവ് അതിശയിച്ചു. ആ കൂട് കണ്ടപ്പോൾ രാജാവിന് തോന്നി തത്തയ്ക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ലയെന്ന്. ആ വിശ്വാസത്തിൽ രാജാവ് തിരികെ കൊട്ടാരത്തിലേക്ക് പോകുമ്പോൾ വഴിയരികിൽ നിന്ന ഒരു ഗ്രാമവാസി തത്തയെ കണ്ടോയെന്ന് രാജാവിനോട് ചോദിച്ചു. അത് കേട്ട് തിരികെ ആ കാഞ്ചനക്കൂട്ടിൽ ചെല്ലുമ്പോഴാണ് രാജാവ് ആ കാഴ്ച കണ്ടത്. ഒരു കയ്യിൽ പുസ്തകവും മറുകയ്യിൽ വടിയുമായി വിദ്വാന്മാർ പാവം തത്തയെ നല്ലപാഠം പഠിപ്പിച്ചു. അവരുടെ ക്രൂരതയ്ക്ക് ഇരയായി ആ തത്ത മരണപ്പെട്ടിരുന്നു. ആ വിഷമത്തിൽ രാജാവ് തിരികെ രാജകൊട്ടാരത്തിൽ പോയി തത്തയെ ദ്രോഹിച്ച ആ വിദ്വന്മാർക്ക് നല്ല ശിക്ഷനൽകി. ഈ കഥയുടെ ഗുണപാഠം എന്താണെന്നുവച്ചാൽ നമ്മൾ ആരേയും ദ്രോഹിക്കരുത്.. അതിനുള്ള ശിക്ഷ നമുക്ക് തന്നെ ലഭിക്കും. ഈ പുസ്തകം പബ്ലിക്കേഷൻ ചെയ്തിരിക്കുന്നത് ഉൺമ പബ്ലിക്കേഷൻ ആണ്. എന്റെ എല്ലാ കൂട്ടുകാരും ഈ പുസ്തകം വായിക്കണം.

നന്ദി, നമസ്കാരം,

**മുഹമ്മദ് സാദിക്ക്. എൻ VIII B**

# ആലപ്പാട്

ഹൃദയം രക്തം പൊടിയുന്ന
കരിമണൽ തീരത്ത്
ആർത്തിയുടെ ആരവം
ചുടല നൃത്തം ചവിട്ടുന്നു .
കരയും കായലും കൈകോർത്ത്
കടലിന്റെ നെഞ്ചിൽ അലസമായി ഉറങ്ങുന്നു .

ഇവിടെ കാറ്റിന് കണ്ണീരുപ്പ്
കരിമണൽ തുരന്നു .
നിറയ്ക്കുന്നു വികല വികസന -
നീറുന്ന സ്വപ്നങ്ങൾ വലകളിൽ നിറയുന്നു
ആലപ്പാടിന്റെ മണ്ണും മനസ്സും
നമ്മോട് ചോദിക്കുന്നു മൂകമായി
"ഇനിയെത്രനാൾ ?"

( "ആലപ്പാടിന്റെ കരിമണൽ ഖനനത്തിനെതിരെ
സമരം ചെയ്യുന്നവർക്കായി ")

ഷാനവാസ്. എ
(അധ്യാപകൻ )

# അനുസരണയുടെ ഫലം

ഒരു മരംവെട്ടുകാരനായിരുന്നു രാമു.

വളരെ കഷ്ടപ്പെട്ടാണ് അയാൾ കുടുംബം പോറ്റിയിരുന്നത് . ഒരു നാൾ അദ്ദേഹം കിടപ്പിലായി . അപ്പോൾ മക്കളായ ചെമ്പനെയും തുമ്പനെയും അരികിൽ വിളിച്ച് രാമു പറഞ്ഞു . മക്കളേ അച്ഛന്റെ ആകെയുള്ള സമ്പാദ്യം രണ്ടു കോടാലികൾ മാത്രമാണ്. ഇതുകൊണ്ട് കഠിനമായി ജോലി ചെയ്യുക . ഈശ്വരൻ തുണയ്ക്കട്ടെ . ചെമ്പനും തുമ്പനും ജോലി തേടി വീടുകൾ തോറും കയറിയറങ്ങി . പക്ഷേ ആരും അവരെ മരം മുറിക്കാൻ വിളിച്ചില്ല . പണവും സാധനങ്ങളുമില്ലാതെ അവർക്ക് വീട്ടിലേക്ക് പോകാൻ കഴിയില്ല . അവർ തീരുമാനിച്ചു. ഈ കാട്ടിൽ നിന്ന് ഒരു മരം വെട്ടി ചന്തയിൽ കൊണ്ടുപോയി വിൽക്കാം എന്ന് . അങ്ങനെ അവർ കാട്ടിൽ ഉണങ്ങിനിന്ന മരം വെട്ടാൻ തുടങ്ങി . കുറച്ചുവെട്ടിയപ്പോൾ അവർ മരത്തിന്റെ പോടിൽ നിന്ന് ഒരു ശബ്ദം കേട്ടു . അവർ മരം മുറിച്ചിട്ടു . അപ്പോൾ മരത്തിന്റെ പോടിൽ ഒരു കുടം, അതിൽ നിറയെ സ്വർണ്ണനാണയങ്ങളായിരുന്നു . അതുംകൊണ്ട് ചെമ്പനും തുമ്പനും വീട്ടിലേക്കോടി . അച്ഛൻ പറഞ്ഞതനുസരിച്ച് ഞങ്ങൾ ജോലി ചെയ്തു . അതിന്റെ പ്രതിഫലമായി ഒരു കുടം സ്വർണ്ണനാണയവും കിട്ടി . അച്ഛനമ്മമാരുടെ വാക്കുകൾ അനുസരിക്കുന്നവർക്ക് നല്ലത് മാത്രമേ വരൂ .............

മാസ്റ്റർ . മുഹമ്മദ് യാസീൻ

7A

# മായക്കണ്ണൻ

ആലോലമാടുന്ന മന്ദാരപ്പൂക്കളെ
കാർവർണ്ണനെ കളിയാക്കിച്ചിരിച്ചുവോ
കിന്നാരം കിന്നാരം ചൊല്ലണ തെമ്മാടി തെന്നലെ
കണ്ണന്റെ കവിളത്ത് തല്ലിയോ നീ
കണ്ണാ കണ്ണാ കാർമുകിൽവർണ്ണാ .......
ഓടി വാ മായക്കണ്ണാ .......

വേണു നാദം കേൾക്കാതെ ദൂരെ
കോകില ജാലം പറന്നു പോയോ
മായാ മോഹനനർത്തനമാടാതെ
കേളികളെന്തേ പിണക്കമായോ
കണ്ണാ കണ്ണാ കാർമുകിൽവർണ്ണാ.....
ഓടി വാ മായക്കണ്ണാ.........

മാസ്റ്റർ . ആദിത്യകൃഷ്ണൻ

7 A



# <u>മഴ</u>

മഴയെ അറിയുക കൂട്ടുകാരെ
മഴയിൽ നനയുക കൂട്ടുകാരെ
മഴയിൽ കളിക്കുക കൂട്ടുകാരെ
മഴത്തുള്ളി നമ്മുടെ ജീവജലമെന്ന്
തിരിച്ചറിയുക കൂട്ടുകാരെ
മരമാണ് നമ്മുടെ കൂട്ടുകാരൻ
മരമെല്ലാം വെട്ടല്ലെ കൂട്ടുകാരെ
പൊരിയും വെയിലത്ത്
തണലേകുന്ന മരമാണ്
നമ്മുടെ കൂട്ടുകാരൻ
മഴയെ വെറുക്കല്ലെ കൂട്ടുകാരെ
നനയാൻ മടിക്കല്ലെ കൂട്ടുകാരെ
മഴയിൽ കളിക്കുവാൻ മഴയിൽ
നനയുവാൻ ഇനിയൊരു
ബാല്യം കൂടി വേണം
എനിക്ക് ഇനിയൊരു ബാല്യം
കൂടി വേണം ..........



**മാസ്റ്റർ അശ്വിൻ**
**IX A**

# <u>തൃഷ്ണ</u>



അയ്യപ്പനേ...... എന്നയ്യപ്പനേ.......
അഖിലാണ്ഡ തർപ്പണത്തിന്നവതാരമേ......
അയ്യപ്പനേ......
അരണ്യാംമ്പരത്തിൽ മഹർഷിമാർ,
ആത്മജപം ചെയ്തു നിന്നെ
ആത്മാവിലാവാഹിച്ചീടുമ്പോഴ -
ടിയന്റെ ആത്മാലാപമൊന്നു കേൾക്കേ......
ആരണ്യാംമ്പരത്തിൽ മഹർഷിമാർ,
ആത്മജപം ചെയ്തു നിന്നെ
ആത്മാവിലാവാഹച്ചീടുമ്പോഴ -
ടിയന്റെ ആത്മാലാപമൊന്നു കേൾക്കേ......
അനുധാവനം ചെയ്താായിരങ്ങള -
ണിയണിയായ് നിൻ മുമ്പിലിപ്പോൾ......
നിറ തേജസ്സിൽ നിന്നനുഗ്രഹത്തിൽ
നിറ ചേതനയിൽ പുളകമണിഞ്ഞ
ശ്രുക്കളാൽ തർപ്പണം ചെയ്ത്
ഹൃദയോൽ പുളകം കൊണ്ട് പടി -
കളിറങ്ങിടുമ്പോഴിവിടെ ഞാൻ
ചൊല്ലുന്നു മന്ത്രണങ്ങൾ.......

ഇവിടെ ഞാൻ ചൊല്ലുന്നു മന്ത്രണങ്ങൾ
വരയ്ക്കുന്നു വരികൾ കാണിക്കയായ്......
ത്യജിയ്ക്കയില്ലാങ്കിൽ  സ്വീകരിക്ക......
അന്യനോ ഞാനുമനന്ത കോടി -
യിലൊരു ചെറു പ്രാണി -
യെങ്കിലിഹ, കാൺമാനനുവദിയ്ക്കു......
കാൺമാനനുവദിയ്ക്കു ഒളിമങ്ങാ -
ത്തോരാ  പ്രതീക്ഷ തൻ മുഖ പദ്മം.
നിൻ തിരു സന്നിധിയിലൊ -
രു നല്ലക്ഷരക്കൂട്ടുകളർച്ചന -
യ്ക്ക്, യർപ്പച്ചിടുന്നു ഞാൻ !
ആയിരം പൂക്കളാലർച്ചിത മാണു
നിൻ മുഖപദ്മ മെങ്കിലടി
യന്റെയാത്മാവിൽ നിന്നു തിരുന്ന

ഗീതികൾ സ്വകരിക്കേണമേ......
നിൻ തിരുമുമ്പിലൊരു വാക്കു
മൊഴിയാനെനിക്കി വേള സാമ്രാജ്യം,
നിൻ തിരുരൂപത്തിലൊന്നു കൈ
കൂപ്പാനെനിക്കി വേള സായൂജ്യം.
അടങ്ങിടട്ടെ, ഞാനടക്കിടട്ടെ.....യെൻ
മനോ വികാര വിചിന്തനങ്ങളെങ്കിലും
തുറന്നൊന്നു നോക്കുമോ നയനങ്ങ -
ളെങ്കി ലൊന്നാത്മവിന് ശാന്തി......
നിൻ തൃപ്പാദ തൽപ്പ സമക്ഷത്തില
യുഷന്മാർ നൈവേദ്യ മൊരുക്കി -
താണരുമ്പോഴണുകടാഹം
വാണരുളുന്ന കരുണാമയനേ......
തൊഴാം, കൈ തൊഴാം.....
ജഗത്പതേ...... കൈ തൊഴാം !

മുഹമ്മദ് സൂഫി . എസ്
(അധ്യാപകൻ )

# സന്ധ്യ മയങ്ങുമ്പോൾ

കുളിർകാറ്റ് വീശുമീ സായന്തനത്തിൽ
പാലൊളി ചന്ദ്രിക പാതിവിടർന്നു
പാടത്തിനരികിലെ പൈക്കളും
പ്രാണിയും കിളികളും
നിദ്രയിലാണ്ടുപോയി
പുഞ്ചിരി തൂകുമീ ചന്ദ്രന്റെ ശോഭയിൽ
ആമ്പലോ കൺചിമ്മി തുറന്നു നോക്കി
സുഗന്ധം പരത്തുമീ പാലതൻ പൂമണം
കാറ്റിൻ ഗതികളിൽ പാറിടുന്നു...



മണികണ്ഠൻ
VIII.A

# വിവിധതരം ക്ലബ്ബുകൾ

## സജീവമാകുന്ന ലൈബ്രറികൾ

വാളത്തുംഗൽ സ്കൂളിന്റെ കണ്ണും കാതുമാണ് ഇവിടുത്തെ പൊതു ലൈബ്രറികൾ . മികച്ച പഠനസംസ്കാരത്തിന്റെ അടുത്ത് ഇടപഴകാനും ആവശ്യനുസരണം വായിക്കാനും സ്കൂൾലൈബ്രറിയുടെ ഭാഗമായി ഓപ്പൺ ലൈബ്രറി , ദൈനം ദിന ജീവിതത്തിന്റെ ഭാഗമായ ഹോം ലൈബ്രറി എന്നിവ പ്രവർത്തിച്ചിവരുന്നു .

മാതൃഭാഷയോട് ഇഷ്ടവും അഭിമാനവും വളർത്തുന്ന 'ഇഷ്ടം മലയയാളം ',ആഴത്തിലുള്ള വായനയിലൂടെ യും പഠനത്തിലൂടെയും വിശകലനം ചെയ്ത് എഴുതാനും പ്രസംഗിക്കാനും പ്രപ്തിനേടുന്ന ' നല്ല വായന നല്ല വാക്ക് ', UP കുട്ടികൾക്കുവേണ്ടിയുള്ള 'സ്നേഹാക്ഷരങ്ങളിൽ നിന്ന് വായനയുടെ ലോകത്തേക്ക് ', പുസ്തക സമാഹരണത്തിനായുള്ള 'പുസാതക ജ്വാല ', അദ്ധ്യാപകർക്കായുള്ള 'വായനയുടെ വാതയാനങ്ങൾ ' തുടങ്ങിയ വായനാ പരിപാടികൾ സ്കൂളിനെ ഒരു വായനാശാലയാക്കി മാറ്റുന്നു . ഇതുമൂലം മറ്റാരുടെയും പ്രേരണകൂടാതെ കളിക്കളം മറന്ന് 5ാം ക്ലാസ് കുട്ടികൾ മുതൽ ലൈബ്രറിയിലെത്താൻ മത്സരിക്കുന്ന കാഴ്ച മനം കുളിർപ്പിക്കുന്നു .

അഭിനന്ദത്തിന്റെ രശ്മികൾ ചൊരിഞ്ഞ് ടീച്ചർ ലൈബ്രറിയനിൽ നിന്നും സ്നേഹവും അംഗീകാരവും കിട്ടുന്നതിന്റെ പൊങ്ങച്ചത്തിൽ കുട്ടികൾ വായനക്കാരാവുന്നു . ഇതു വഴി വലിയൊരു വായനാസമൂഹം പടവുകൾ കയറിനല്ല വാക്കിലേക്കും അനുഭവവിവേകത്തിലേക്കും കുതിച്ചുകൊണ്ടിരിക്കുന്നത് പ്രതീക്ഷ ഉണർത്തുന്നതാണ്.അവരവരുടെ താല്പര്യത്തിനനുസരിച്ച് കഥകൾ , കവിതകൾ , കണക്കിലെ കളികൾ , ശാസ്ത്രരഹസ്യങ്ങൾ , പുരാണങ്ങൾ എന്നിവ ആവേശത്തോടെ വായിച്ചു മനസ്സിലാക്കുന്നു . വായിച്ച കാര്യങ്ങൾ ക്ലാസിൽ കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു . അസംബ്ലിയിൽ പുസ്തകപരിചയപരിപാടിയിൽ പങ്കെടുത്തു പ്രസംഗിക്കുന്നു . നിത്യവും വായിക്കുന്ന പുസ്തകങ്ങളുടെ വായനക്കുറിപ്പ് , ചിത്രരചനാപുസ്തകം , ആശംസാകാർഡുകൾ , തുടങ്ങി സ്വന്തം സർഗ്ഗാത്മക വൈഭവത്തിലാക്കി പ്രദർശിപ്പിച്ച് മികവിന് പുസ്തകം സമ്മാനം നേടുന്നു . അവവായിച്ച് സ്കൂളിനെ വിജ്ഞാന കേന്ദ്ര മാകുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു .

വസന്തം .ബി
(സീനിയർ അസിസ്റ്റന്റ്)

## വിദ്യാരംഗം കലാസാഹിത്യ വേദി

വിദ്യാരംഗം കലാസാഹിത്യ വേദി മുൻ വർഷത്തെപ്പോലെ ഈ വർഷവും നല്ല പ്രവർത്തനങ്ങൾ നടത്തിവരുന്നു . ജൂൺ 19 ന് വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനം കൗൺസിലർ ഗിരിജാമാഡം ഉദ്ഘാടനം ചെയ്തു . ജൂൺ 19 പി.എൻ. പണിക്കർ അനുസ്മരണത്തോടനു ബന്ധിച്ച് സാഹിത്യക്വിസ് നടത്തി. 9A യിലെ താരിഖ് ഒന്നാം സ്ഥാനവും . 9A യിലെ അശ്വിൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി .ജൂലൈ 5 വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണത്തോടനു ബന്ധിച്ച് ബഷീർ കൃതികളെ അസ്പദമാക്കിയുള്ള ചിത്രരചന മത്സരവും സാഹിത്യക്വിസ് മത്സരവും നടത്തി .വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് കവിതാരചന മത്സരം , കഥാരചന മത്സരം , ചിത്രരചന എന്നിവ നടത്തുകയും മികച്ച രചനകൾക്ക് സമ്മാനം നല്കുകയും ചെയ്തു .

ശ്രീജ ചന്ദ്രൻ

അദ്ധ്യാപിക

## പരിസ്ഥിതി - ഹെൽത്ത് ക്ലബ്

നമ്മുടെ സ്കൂളിൽ മുൻ വർഷങ്ങളിലെ പോലെ പരിസ്ഥിതി - ഹെൽത്ത് ക്ലബിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു . ജൂൺ 5 ന് പരിസ്ഥിതി ദിനാചരണത്തോടെ ആരംഭിച്ച ക്ലബ് പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടന്നു വരുന്നു . പരിസര ശുചീകരണം , ജൈവവൈവിധ്യ സംരക്ഷണം , ആരോഗ്യ ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു . ഇരവിപുരം ഹെൽത്ത് സെന്ററിലെ മെഡിക്കൽ ടീമിന്റെ സഹായത്തോടെ കൗമാര ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരവും ബോധവൽക്കരണവും നടത്തുന്നു . ആരോഗ്യ വകുപ്പ് ,എക്സൈസ് വകുപ്പ് എന്നിവരുടെ സഹായത്തോടെ മദ്യപാനം , പുകവലി ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയുടെ ദൂഷ്യഫലങ്ങളെ പറ്റി ബോധവൽക്കരണവും നടത്തി വരുന്നു . പകർച്ചവ്യാധികളെ പറ്റിയുള്ള ആരോഗ്യ ബോധവൽക്കരണവും അസംബ്ലിയിൽ നടത്തി വരുന്നു .

മേരി റീഗൺ

അദ്ധ്യാപിക

## സോഷ്യൽ സയൻസ് ക്ലബ്ബ്

സോഷ്യൽ സയൻസ് ക്ലബ്ബ് മുൻവർഷത്തെപ്പോലെ ഈ വർഷവും പലപ്രവർത്തനങ്ങളും നടത്തി .ആദ്യമായി ജൂൺ അഞ്ച് പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു . 9-7-2018 തിങ്കളാഴ്ച ഒരു ചരിത്ര ക്വസ് മത്സരം നടത്തി . അതിൽ ഒന്നാം സ്ഥാനം 9A യിലെ മുഹമ്മദ് താഹിറും, രണ്ടാം സ്ഥാനം 9B യിലെ കണ്ണനും നേടി . ജൂലൈ 11 ലോക ജനസംഖ്യാ ദിനമായി ആചരിച്ചു . 31-7-2018 ൽ ഒരു വാർത്താ വായന മത്സരം നടത്തി . അതിൽ ഒന്നാം സ്ഥാനം 8B യിലെ ആദിത്യനും, രണ്ടാം സ്ഥാനം 9A യിലെ ഹരികൃഷ്ണനും നേടി .ഓഗസ്റ്റ് 6 ഹിരോഷിമ ദിനവുമായി ബന്ധപ്പെട്ട് ഒരു പോസ്റ്റർ രചനാ മത്സരം നടത്തി . അതിൽ ഒന്നാം സ്ഥാനം 6A യിലെ ദുൽക്കർ അലിയും, രണ്ടാം സ്ഥാനം 6A യിലെ മുഹമ്മദലിയും നേടി .
നവംബർ 13-ാം തീയതി ക്ഷേത്രപ്രവേഷന വിളംമ്പം എന്ന വിഷയത്തിൽ ഒരു ഉപന്യാസ രചനാ മത്സരം നടത്തി . ഇതിൽ ഒന്നാം സ്ഥാനം 9A യിലെ മുഹമ്മദ് താഹിറും രണ്ടാം സ്ഥാനം 10A യിലെ അഭിമന്യുവും നേടി . അങ്ങനെ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവച്ചുകോണ്ട് സോഷ്യൽ സയൻസ് ക്ലാസ് അതിന്റെ ജൈത്രയാത്രതുടരുകയാണ്.

കെ. കെ നെവിൻ

അദ്ധ്യാപകൻ

## ഹിന്ദി ക്ലബ്ബ്

ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനം കഴിഞ്ഞ വർഷത്തേക്കാൾ മികച്ചതായി ഈ വർഷവും നടക്കുന്നു. ജൂൺ 22 ന് ഹിന്ദി ക്ലബ്ബിന്റെ ഉദ്ഘാടനം 56 കുട്ടികളെ ഉൾക്കൊള്ളിച്ച് H M ന്റെയും P.T.A പ്രസിഡന്റെയും സാന്നിദ്ധ്യത്തിൽ നടന്നു. തുടർ പ്രവർത്തനമായി ജൂലൈ 31 'പ്രേം ചന്ദ് ജയന്തി' ദിവസത്തിന്റെ വിപുലമായ ആഘോഷ പരിപാടിയിൽ കഥാരചന, കവിതാരചന, ഉപന്യാസരചനാ, പോസ്റ്റർരചന എന്നീ മത്സരങ്ങൾ നടന്നു. ഹിന്ദി ക്ലബ്ബിൽ കുട്ടികളുടെ ആശയവിനിമയം പൂർണമായും ഭഷാധിഷ്ഠിതമാണ്. ഇതിലൂടെ കുട്ടികളുടെ ഭാഷാനൈപുണി വികസിപ്പിക്കാനും മടികൂടാതെ ഹിന്ദി ഭാഷ സംസാരിക്കാനും കഴിയുന്നു. ജനുവരി 10 World Hindi DAY യിൽ സുരീലീ ഹിന്ദിയുടെ ഭാഗമായി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ ആഘോഷ പരിപാരികൾ നടന്നു.

സുജ. എസ്

അദ്ധ്യാപിക

## ഗണിത ക്ലബ്ബ്

ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും കൊടുക്കേണ്ട വിഭവങ്ങൾ അധ്യാപകരായ കലടീച്ചർ, സിന്ധുടീച്ചർ, സജിസാർ സലാംസാർ എന്നിവർ ചർച്ച ചെയ്ത് നടത്തുന്നുണ്ട്. ഗണിത ക്വിസ്, ശാസ്ത്രമേളയ്ക്ക് കുട്ടികളെ തയ്യാറാക്കൽ, ICT സാധ്യത ഉപയോഗിച്ച് ഗണിത രൂപങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു .

അബ്ദുൾ സലാം

അദ്ധ്യാപകൻ


## N.C.C

കൊല്ലം ജില്ലയിൽ നിലവിൽ വന്ന ആദ്യകാല യൂണിറ്റുകളിൽ ഒന്നാണ് നമ്മുടെ സ്കൂളിലെ N.C.C, യൂണിറ്റ് . 100 കുട്ടികളാണ് N.C.C യൂണിറ്റിലുള്ളത് . കുട്ടികളുടെ കായികവും മാനസികവുമായ വളർച്ച മെച്ചപ്പെടുന്ന പ്രവർത്തനങ്ങൾ ഇതിലൂടെ നടത്തപ്പെടുന്നു . കുട്ടികളിൽ അച്ചടക്കവും രാജ്യസ്നേഹവും വളർത്താൻ N.C.C സഹായിക്കുന്നു . സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ N.C.C കുട്ടികൾ അവരുടെ വ്യക്തിമുദ്ര പതിപ്പിക്കുന്നു . ഈ യൂണിറ്റിന്റെ പ്രവർത്തനം മുന്നോട്ട് നയിക്കുന്നത് പ്രവീൺ സാറാണ് .

## എസ്.പി.സി

2018 നമ്മുടെ സ്കൂളിനെ സംബന്ധിച്ചടത്തോളം വളരെ സന്തോഷം നിറഞ്ഞ വർഷമാണ്. എസ്. പി. സി യൂണിറ്റ് നമ്മുടെ സ്കൂളിൽ അനുവദിച്ചു. മാസത്തിൽ ഏഴ് ദിവസമാണ് spc പ്രവർത്തികൾ നടക്കുന്നത്. ബുധനാഴ്ച 3.30pm മുതൽ 4.30pm വരെ PT യും പരേഡും നടക്കുന്നു. ശനിയാഴ്ച രാവിലെ 7.30 PT, പരേഡും തുടർന്ന് യോഗാക്ലാസും നടന്നുവരുന്നു.രണ്ടാം ശനിയാഴ്ച ആക്ടിവിറ്റികൾ ഇല്ല. കുട്ടികൾക്ക് ബോധവത്കരണത്തിന് ഉതകുന്നരീതിയിൽ മോട്ടിവേഷൻ ക്ലാസ് ,ഉപന്യാസരചന, ചിത്രരചന, കവിതാരചന, കഥാരചന എന്നിങ്ങനെ പല മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി വരുന്നു. Friends At Home പദ്ധതിയിൽ ഈസ്കൂളിലെ തന്നെ മാനസികവും ശാരീരികവുമായ വൈകല്യമനുഭിക്കുന്ന 10B യിൽ പഠിക്കുന്ന അഭിലജ് എന്ന കുട്ടിയെ SPC സംഘം വീട്ടിൽ പോയി സന്ദർശിച്ചു. ആ കുട്ടിക്ക് ആവശ്യമായ പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ ,മധുരപലഹാരങ്ങൾ എന്നിവ നൽകി.സ്കൂളിലെ SPC പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ശ്രീമതി ജയടീച്ചറും ഷാനവാസ് സാറുമാണ്.

# അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം -2019




United Nations
Educational, Scientific and
Cultural Organization

2019 IYPT
International Year
of the Periodic Table
of Chemical Elements

1. 1.

2019 അന്താരാഷ്ട്രപീരിയോഡിക്ടേബിൾവർഷമായിആചരിക്കാൻതീരുമാനമെടുത്തു. രസതന്ത്രത്തെക്കുറിച്ചും മാനവപുരോഗതിക്ക്അത് നൽകിക്കൊണ്ടിരിക്കുന്നസംഭാവനകളെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കാൻ ഈ അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷാചാരണത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 1869-ൽ റഷ്യൻ രസതന്ത്രജ്ഞനായായ ദിമിത്രി മെൻഡലീവ് ആവർത്തനപ്പട്ടിക രൂപവത്കരിച്ചതിന്റെ 150ാം വാർഷികമാണ് 2019. 1919-ൽ ഇന്റർണാഷണൽ യൂണിയിൻ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് കെമിസ്ട്രി (IUPAC) എന്ന സംഘടന രൂപീകരിച്ചതിന്റെ 100ാം വാർഷികവും 2019-ൽ ആഘോഷിക്കുന്നു. ഫോസ്ഫറസ് എന്ന മൂലകം കണ്ടെത്തിയതിന്റെ 350ാം വാർഷികവും ഇതോടൊപ്പം കൊണ്ടാടുന്നു.

INTERNATIONAL
YEAR OF THE
PERIODIC TABLE
2019

*സചിത്ര .കെ .വി*
*അദ്ധ്യാപിക*

2.

# ENGLISH CLUB

The first meeting of the English club was conducted on 28/6/2018 at 1.15 PM in the SPC room .Around 40 students from std V to X attended the meeting. The meeting was inaugurated by our beloved Headmistress Smt. Somaletha. The club convenor Smt. Jaya.J explainmed the use , rules and regulations of the class. Later there was a discussion on the differant competitions which are going to be held in the club. The club has decided to conduct competitions on word power and recitation in the month of July.

The following members of the club are selected as the office bearers

President : Asif Salim XA

Secretary : Sharon IX A

Treasurer : Manikandan VIII A

The meeting is disposed by taking the dicision to conduct the word power competition on 11/7/18 at 2 PM in the auditorium.

## NCC WING




## STUDENT POLICE CADET




## പുസ്തകപ്രദർശനം



## അക്ഷരമരം



## ***<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>***

**ജാതി - മത – ലിംഗ – വർണ – വർഗ്ഗ – വിവേചനമില്ലാതെ സാമൂഹികപരവും, ആരോഗ്യപരവുമായ, വിദ്യാഭ്യാസപരവുമായി മുന്നോക്കം നിൽക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതല വഹിക്കുന്നത് U.P വിഭാഗം അധ്യാപികയായ ശ്രീമതി ഷീജടീച്ചർ ആണ്. കുട്ടികൾക്ക് സ്വാദിഷ്ഠവും രുചികരവുമായ ഭക്ഷണമാണ് ദിവസവും നൽകി വരുന്നത്.**





# മഹാഭാരതം

**പോ**കും വഴിക്ക് തേരേറി നീങ്ങുന്ന കർണനെക്കണ്ട് വിളിച്ച് സ്വന്തം തേരിലേറ്റിക്കൊണ്ടാണ് ശ്രീകൃഷ്ണൻ പോയത്. വിജനമായൊരിടമെത്തിയപ്പോൾ തേരിൽ നിന്നിറങ്ങി കർണന്റെ കൈപിടിച്ചുകൊണ്ട് വാസുദേവൻ പറഞ്ഞു. 'കർണാ, നീ അറിവുള്ളവനാണ്. വേദങ്ങളും ധർമ്മശാസ്ത്രങ്ങളും അറിഞ്ഞവൻ. നിന്നോട് ഞാനൊരു അതിപ്രധാമായ രഹസ്യം വെളിപ്പെടുത്താൻ ഇച്ഛിക്കുന്നു.' ആകാംക്ഷയോടെ തന്റെ മുഖത്തു മിഴിയുറപ്പിച്ചു നിൽക്കുന്ന കർണന്റെ ചുമലിൽ വാത്സല്യത്തോടെ തഴുകിക്കൊണ്ട് വാസുദേവൻ പറഞ്ഞു 'കർണാ, നീ രാധേയനല്ല, സാക്ഷാൽ സൂര്യപുത്രനാണ്. കന്യകയായ കുന്തിക്ക് സൂര്യദേവനിലുണ്ടായ പുത്രനാണ് നീ. നീയത്രേ പാണ്ഡവരിൽ ജ്യേഷ്ഠൻ നീ അമ്മവഴി എനിക്കും സഹോദരൻ.'

ഇടിത്തീ വീഴുംപോലെ ഈ കഠിനസത്യം ശിരസിൽ പതിക്കവെ, കർണൻ മാത്രനേരം നിശ്ചലനായി കണ്ണടച്ചു നിന്നുപോയി. ശ്രീകൃഷ്ണൻ തുടർന്നു

'കർണാ, ധർമനിയമമനുസരിച്ച് നീയും പാണ്ഡപുത്രനാണ്. ആ സ്ഥാനം നീ ഏൽക്കുക നീയാണ് ജ്യേഷ്ഠപാണ്ഡവനെന്നറിയുന്ന നിമിഷം ധർമാത്മാവായ യുധിഷ്ഠിരൻ ഓടിയെത്തി നിന്റെ കാൽ പിടിക്കും നീ നിത്യവൈരിയായി കരുതുന്ന അർജുനൻ വിനയത്തോടെ നിന്നെ നമസ്കരിച്ച് അരികിൽ ആജ്ഞ കാത്തു നിൽക്കും ഭീമകർമാവായ ഭീമനും നകുലസഹദേവന്മാരും നിന്റെ കാൽ വണങ്ങും. പൊൻകുടം, വെള്ളിക്കുടം, മൺകുടം, എന്നിവയിൽ കൊണ്ടു വരുന്ന അഭിഷേകതീർത്ഥം ഞാൻ നിന്റെ ശിരസിൽ വീഴ്ത്തും. ദിവ്യയായ പാഞ്ചാലനന്ദിനി നിന്റേതുമായിത്തീരും യുവരാജാവാകുന്ന നിന്റെ തേരിൽ നിന്റെ പിന്നിൽ നിന്ന് യുധിഷ്ഠിരൻ വെൺചാമരം വീശും. മഹാബലവാനായ ഭീമൻ വെൺകൊറ്റക്കുട പിടിക്കും കിങ്ങിണിക്കിലുക്കമുള്ളതും വെള്ളക്കുതിരകൾ വലിക്കുന്നതുമായ നിന്റെ പൊൻതേര് അർജുനൻ ആദരവോടെ തെളിക്കും പാണ്ഡവരും വൃഷ്ണികളും പാഞ്ചാലരുമെല്ലാം നിന്റെ സ്വജനങ്ങളായിത്തീരുംമ്പോൾ അമ്മ കുന്തീദേവിയുടെ മിഴികൾ ആനന്ദാശ്രുക്കളാൽ നിറഞ്ഞൊഴുകും. ചെല്ലൂ കർണാ, അമ്മയുടെ അനുഗ്രഹം വാങ്ങി പാണ്ടവരെ ആശ്ലേഷിക്കുക , നിനക്ക് മംഗളം.'

കർണൻ അൽപനേരത്തെ ഗംഭീരമൗനത്തിനു ശേഷം കൃഷ്ണനെ നോക്കി ഇങ്ങനെ പറഞ്ഞു 'വാസുദേവാ, അങ്ങ് പറഞ്ഞതെല്ലാം ശരിയാണ്, ധർമ്മത്താൽ ഞാൻ പാണ്ഡുപുത്രനാണ്. കന്യകയായ കുന്തിക്ക് സൂര്യദേവൻ നൽകിയ മകൻ. പക്ഷെ ആ അമ്മ എന്നെ ഉപേക്ഷിച്ചുകളഞ്ഞു. അനാഥനായ എന്നെ എടുത്തു വളർത്തിയത് രാധയാണ്, അവരെന്റെ മലമൂത്രങ്ങളെടുത്തു. സ്നേഹത്തോടെ വളർത്തി. എന്റെ അച്ഛൻ പാവപ്പെട്ടൊരു സൂതനാണ്. അദ്ദേഹമെന്നെ വിദ്യാഭ്യാസം ചെയ്യിച്ചു. വാത്സല്യവും സ്നേഹവും ഊട്ടി എന്നെ ഞാനാക്കിയെടുത്തത് സാധുക്കളായ ആ സൂതദമ്പതികളാണ്. അവർക്ക് പിണ്ഡം വെക്കേണ്ട പുത്രനാണ് ഞാൻ. അതങ്ങനെ തന്നെ തുടരട്ടെ. കൃഷ്ണാ, അർജുനനോട് അസ്ത്രാഭ്യാസപരീക്ഷയിൽ എതിരിടാൻ ഞാൻ മുതിർന്നപ്പോൾ, സൂതപുത്രനെന്ന് ഗുരുക്കൻമാറുൾപ്പടെ എല്ലാവരുമെന്നെ നിന്ദിച്ചപ്പോൾ ദുര്യോധനനാണ് എന്നെ മാനിച്ചു കൈപിടിച്ചത്. ആ നന്ദി മറക്കുന്നവനല്ല ഞാൻ. അന്നു ഞാൻ പ്രതിജ്ഞ ചെയ്തതാണ് ദ്വൈരഥത്തിൽ ഞാനും പാർഥനും യുദ്ധം ചെയ്യുമെന്ന്. ദുര്യോധനനു നൽകിയ ആ വാക്ക് ഞാൻ പാഴാക്കുകില്ല. എന്റെയീ നിശ്ചയത്തിൽനിന്ന് ഞാൻ വ്യതിചലിക്കുകയില്ലന്നറിഞ്ഞാലും.'

തയ്യാറാക്കിയത് : മാസ്റ്റർ ഷരൺ കെ നായർ

# ഡോ. സർവ്വേപ്പിള്ളി രാധാകൃഷ്ണൻ

(1888-1975)

1888 സെപ്റ്റംബർ 5 തമിഴ് നാട്ടിലെ തിരുത്തണിയിൽ സീതമ്മയുടെയും വീരസ്വാമിയുടെയും മകനായി ജനിച്ചു . മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്നും ഫിലോസഫിയിൽ ബിരുദാനന്തര ബിരുദവും നേടിയ അദ്ദേഹം 1909 ൽ അവിടെ സർവ്വകലാശാലയിൽ 1931 മുതൽ 36 വരെ ആന്ധ്രസർവ്വകലാശാലയുടെ വൈസ് ചാൻസിലറായിരുന്നു . പണ്ഡിറ്റ് മദൻമോഹൻ മാളവ്യക്ക് ശേഷം അദ്ദേഹം ലോകത്തിലെ തന്നെ ഏറ്റവും പ്രധാന സർവ്വകലാശാലകളിൽ ഒന്നായ ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്നു.

വലിയ ഒരു ശിഷ്യസമ്പത്തിനുടമയായ അദ്ദേഹം വിദ്യാഭ്യാസത്തിൻെറ മഹത്വം മനസ്സിലാക്കുകയും അത് തൻെറ ശിഷ്യർക്ക് ആവോളം പകർന്നു നൽകുകയും ചെയ്ത മഹാത്മാവാണ്. മനുഷ്യ മനസ്സിലെ ഇരുട്ടകറ്റാൻ കഴിയുന്ന വിളക്കാണ് അക്ഷരം എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു . ഇന്ത്യ കണ്ട ഗുരുശ്രേഷ്ഠന്മാരിൽ അഗ്രഗണ്യനായ അദ്ദേഹത്തോടുള്ള ആദരവും ബഹുമാനവും മുൻനിർത്തിയാണ് അദ്ദേഹത്തിൻെറ ജന്മദിനം 'സെപ്റ്റംബർ 5' നാണ് അദ്ധ്യാപകദിനമായി ആചരിക്കുന്നത്.

നല്ല ഒരു അദ്ധ്യാപകൻ എന്നതു പോലെ തന്നെ അദ്ദേഹം നല്ല ഒരു നയതന്ത്രജ്ഞനും ഭരണകർത്തവും ആയിരുന്നു . ഇന്ത്യയുടെ ഭരണഘടന രൂപപ്പെടുത്തുന്നതിൽ പ്രമുഖപങ്കാണ് വഹിച്ചത് .1952 ൽ ഇന്ത്യയുടെ പ്രഥമ ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടു . രാഷ്ട്രപതിയായും പ്രവർത്തിച്ചു . 1954 ൽ രാജ്യം ആ ബഹുമുഖപ്രതിഭയെ ഭാരതരത്നം നൽകി ആദരിച്ചു . 1975 ഏപ്രിൽ 17 ന് ഇന്ത്യയുടെ സത്പുത്രന്മാരിൽ പ്രധാനിയായ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു .

**മാസ്റ്റർ . ബിബിൻ കൃഷ്ണൻ**

# മണ്ഡോദരന്റെ മണ്ടത്തരം

ലംബോധരൻ മുതലാളിയുടെ വേലക്കാരനാണ് മരമണ്ടനായ മണ്ഡോദരൻ . ഒരിക്കൽ മുതലാളിയും മണ്ഡോദരനും കൂടി ഒരു കല്യാണത്തിനുപോയി ലംബോധരൻ മുതലാളിയുടെ സൈക്കിളിലായിരുന്നു യാത്ര . കല്യാണം കഴിഞ്ഞ് സദ്യ ഉണ്ണാനായി കയറിയപ്പോൾ മുതലാളി പറഞ്ഞു "എടാ സമ്മാനമായി നൂറുരൂപ കൊടുത്തതാ അതുകൊണ്ട് പരമാവധി മുതലാക്കണം"

രണ്ടുപേരും മൂക്കുമുട്ടെ ശാപ്പാട് അടിച്ചു . തിരിച്ചുപോരാൻ തുടങ്ങിയപ്പോഴല്ലെരസം . ടയറിൽ കാറ്റില്ല .ലംബോധരൻ അമ്പതുപൈസ എടുത്ത് മണ്ടോധരന് കൊടുത്തിട്ടു പറഞ്ഞു .

“ഞാനിവിടെ നിൽക്കാം നീ വേഗം പോയി കാറ്റടിച്ചിട്ട് വാ"

മണ്ഡോദരൻ സൈക്കിളും തള്ളി കാറ്റടിക്കാൻ പോയി കുറേ കഴിഞ്ഞപ്പോൾ മണ്ടോധരൻ കരഞ്ഞു കൊണ്ട് സൈക്കിളും തള്ളി വരുന്നതാണ് ലംബോധരൻ കണ്ടത്. അയാൾ ചോദിച്ചു "എന്തു പറ്റിയെടാ കാറ്റടിച്ചില്ലേ ? ”

മണ്ഡോദരൻഏങ്ങലടിച്ചു കൊണ്ട് പറഞ്ഞു . “കാറ്റടിച്ചു മുതലാളി പക്ഷേ, അമ്പതുപൈസ കൊടക്കുന്നതല്ലേ പരമാവധി മുതലാക്കാൻ വേണ്ടി നിറയെ കാറ്റടിച്ചപ്പോൾ ട്യൂബ് പൊട്ടിപ്പോയി .”

മണ്ടനായ മണ്ഡോദരന്റെ മണ്ടത്തരം കേട്ട് ചുറ്റും നിന്നവർ പൊട്ടിച്ചിരിച്ചു

**മാസ്റ്റർ .മഞ്ചീഷ് ബാബു**
**IX A**

## ഇന്ത്യ

### (ഏറ്റവും വലുതും ചെറുതും)

| | |
|---|---|
| ഏറ്റവും വലിയ സംസ്ഥാനം | - രാജസ്ഥാൻ |
| ഏറ്റവും വലിയ മരുഭൂമി | - താർമരുഭൂമി |
| ഏറ്റവും വലിയ തടാകം | - വുളർ |
| ഏറ്റവും വലിയ ശുദ്ധജലതടാകം | - ചിൽക്ക |
| ഏറ്റവും വലിയ പർവ്വത നിര | - ഹിമാലയ പർവ്വതനിര |
| ഏറ്റവും ഉയരം കൂടിയ അണക്കെട്ട് | - ഭക്രാനംഗൽ |
| ഏറ്റവും ഉയരം കൂടിയ ഗോപുരം | - കുത്തബ്മിനാർ |
| ഏറ്റവും ഉയരം കൂടിയ എയർ പോർട്ട് | - ലെഹ് എയർ പോർട്ട് |
| ഏറ്റവും നീളം കൂടിയ കനാൽ | - ഇന്ദിരാഗാന്ധി കനൽ |
| ഏറ്റവും നീളം കൂടിയ പാലം | - മഹാത്മാഗാന്ധി സേതു |
| ഏറ്റവും കുറവ് ജനസംഖ്യയുള്ള സംസ്ഥാനം | - ഉത്തർപ്രദേശ് |
| ഏറ്റവും വലിയ മൃഗശാല | - സുവോളജിക്കൽ ഗാർഡൻ |
| ഏറ്റവും വലിയ പ്രതിമ | - ഗോമതേശ്വര പ്രതിമ |
| ഏറ്റവും കൂടുതൽ വനമുള്ള സംസ്ഥാനം | - മദ്ധ്യപ്രദേശ് |
| ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനം | - കേരളം (93%) |
| ഏറ്റവും കൂടുതൽ പത്രങ്ങൾ അച്ചടിക്കുന്ന ഇന്ത്യൻ ഭാഷ | - ഹിന്ദി |
| ഏറ്റവും വലിയ സിവിലിയൻ ബഹുമതി | - ഭാരതരത്നം |
| ഏറ്റവും വലിയ സാഹിത്യ ബഹുമതി | - ജ്ഞാനപീഠം |
| ഏറ്റവും വലിയ തൂക്കുപാലം | -ഹൗറ പാലം |
| ഏറ്റവും വലിയ മ്യൂസിയം | -നാഷണൽ മ്യൂസിയം, കൊൽക്കത്ത |
| ഏറ്റവും വലിയ മുസ്ലീംപള്ളി | - ജുമാമസ്ജിദ് |
| ഏറ്റവും വലിയ ഗുഹാക്ഷേത്രം | - എല്ലോറ |
| ഏറ്റവും വലിയ നഗരം | - മുംബൈ |
| ഏറ്റവും വലിയ പക്ഷിസങ്കേതം | - ഭരത്പൂർ |
| ഏറ്റവും വലിയ തുരങ്കം | - ജവഹർ തുരങ്കം |
| ഏറ്റവും വലിയ സമതലം | - ഗംഗാസമതലം |
| ഏറ്റവും ചെറിയ കേന്ദ്രഭരണ പ്രദേശം | - ലക്ഷദ്വീപ് |
| ഏറ്റവും വേഗതകൂടിയ ട്രെയിൻ | - ശതാബ്ദി എക്സ്പ്രസ് |
| ഏറ്റവും വലിയ വാണിജ്യബാങ്ക് | - സ്റ്റേറ്റ് ബാന്ദ് ഓഫ് ഇന്ത്യ |
| ഏറ്റവും ആഴം കൂടിയ തുറമുഖം | - വിശാഖപട്ടണം |

മാസ്റ്റർ . ആയുഷ് . എം
IX A

# മനസ്സിൻെറ നിഴൽ

നേരം സന്ധ്യയോടടുക്കുന്നു. കോരിച്ചൊരിയുന്ന മഴ. അവൾ ധൃതിയിൽ ഓഫീസിൽ നിന്നിറങ്ങി. ഓഫീസിൽ ഫയലുകൾക്കിടയിൽ നിന്നും വീണ്ടും മനസ്സ് തൻെറ കുഞ്ഞുങ്ങളുടെ അടുത്തേക്ക് പായുകാണ് വണ്ടി ഓടുമ്പോഴും അവളുടെ മനസ്സ് വീട്ടിൽ എത്തിക്കഴിഞ്ഞിരുന്നു. സ്കൂളിൽ നിന്നും എത്തിയ അവർ എന്തു ചെയ്യുകയായിരിക്കും. ഉറപ്പായും ടി.വിയുടെ മുന്നിലായിരിക്കും. പലവിധ ചിന്തകളുമായി നീങ്ങിയ മീര 7 മണിയോടെ വീട്ടിലെത്തി.

കാറിൻെറ ഹോൺ മുഴങ്ങിയതും കതക് തുറക്കാൻ കലപിലകൂട്ടുന്ന മക്കൾ മീരയെ ഓടി വന്ന് കെട്ടിപ്പിടിച്ചു. കൈയ്യിലെ കവർ തട്ടിവാങ്ങി ഓടികൊണ്ട് വച്ച് കഴിക്കുവാൻ തുടങ്ങി. " അമ്മാ ഇങ്ങോട്ട് വരു ഇത്തിരി നേരം ഇവിടെ വന്ന് ഇരിക്കു കഥകൾ പറയു." നേരം വളരെ വൈകി- "നിങ്ങൾ പഠിക്കാൻ നോക്കു-" കൂടുതൽ ശ്രദ്ധിക്കാതെ വീണ്ടും മീര അടുക്കളയിലേക്ക് കയറി ജോലികൾ തുടങ്ങി. അപ്പോഴും മനസ്സ് അസ്വസ്ഥമായിരുന്നു. തൻെറ മുന്നിൽ എത്ര എത്ര കുട്ടികളാണ് ഓരോ ദിവസവും കൗൺസിലിംഗിനായി വന്നു പോകുന്നത്. പക്ഷേ ഇന്നുവന്നവൾ എന്നെ ഏറെആകർശിച്ചു നിറം,മുടി,കണ്ണുകൾ എത്ര സുന്ദരികുട്ടി. മകളുടെ അതെപ്രായം, സുന്ദരികുട്ടി, നല്ല തിളക്കമുള്ള കണ്ണുകൾ നിറഞ്ഞുതുളമ്പി 'അമ്മേ' എന്നവിളി എവിടയോ കേൾക്കുന്നതുപോലെ തോന്നി.

ഏത് പിശാചിനാണ് അവളുടെ കണ്ണുകളുടെ തിളക്കം നശിപ്പിക്കാൻ കഴിഞ്ഞത്. ആ കുഞ്ഞിനെ പെറ്റ പിശാചിനെ 'അമ്മ' എന്ന് എങ്ങനെ വിളിക്കും? മാതൃത്വത്തിന് തന്നെ അപമാനമായ 'അമ്മ'.

'അമ്മ' എന്ന പദത്തിൻെറ അർത്ഥം ദൈവം എന്നാണെങ്കിൽ ദൈവം എന്തേ രക്ഷിക്കാൻ എത്തിയില്ല.

പണത്തിനു വേണ്ടി സ്വന്തം മകളുടെ ശരീരം വിൽക്കുന്ന പെൺവർഗ്ഗത്തിൻെറ ശാപമായ 'അമ്മയെ' അറിയാതവൾവെറുത്തു. "അമ്മ കാളിയായും ദുർഗ്ഗയായും ലക്ഷ്മിയായും വാഴ്ത്തപ്പെടുന്നു.

എവിടെ കാളി?

എവിടെ ദുർഗ്ഗ?

പ്രത്യക്ഷപ്പെടാത്ത ദൈവങ്ങളെ, നിങ്ങൾ എവിടെ ഒളിച്ചിരിക്കുന്നു. റോസാപ്പൂ പോലയുള്ള അവളുടെ ചിരി കണ്ണിൽ നിന്നും മായുന്നേയില്ല. ഇന്നവൾ പോയപ്പോൾ

*എൻെ്റ കൈത്തണ്ടയിൽ ഇറുക്കിപ്പിടിച്ചുകൊണ്ട് പറഞ്ഞു ," ഞാൻ പോയിവരാം ആന്റീ" ആ കണ്ണുകൾ എന്നോട് പറഞ്ഞു എന്നെ വിടരുതെ വിടരുതെ എന്ന്..................,*

*വീണ്ടും തെറ്റുകൾ ആവർത്തിക്കുമോ....................?*

*പെട്ടന്ന് അമ്മേ എന്ന മകളുടെ വിളി മീരയെ ഉണർത്തി.*

*" അമ്മേ ഇവനെന്നെ പഠിക്കാൻ സമ്മതിക്കുന്നില്ല".*

*ഞാൻ എന്റെ മകളെ ചേർത്തുപിടിച്ച് ഉമ്മകൊടുത്തു.*

*" എന്താ....... എന്തുപറ്റി ? അമ്മ എന്തിനാണ് കരയുന്നത്?*

*" അറിയില്ല" " അറിയില്ലേ" "ഇല്ല"*

*ഞാൻ അറിയാതെ ആരോടായി പറഞ്ഞു*

*"പെൺകുഞ്ഞുങ്ങൾ ഈ ഭൂമിയിൽ പിറക്കേണ്ടായിരുന്നു"*

*ശ്രീജാ ചന്ദ്രൻ*


*അദ്ധ്യാപിക*

# പടവുകൾ

കേരളസംസ്ഥാന സ്കൂൾ നീന്തൽ മത്സരത്തിൽ 50 മീറ്റർ ഫ്രീ സ്റ്റൈൽ വിഭാഗത്തിൽ (സബ് ജൂനിയർ ബോയ്സ്) മൂന്നാം സ്ഥാനവും ബട്ടർഫ്ളൈ സ്ട്രോക്ക് വിഭാഗത്തിൽ നാലാം സ്ഥാനവും 200 മീറ്റർ വ്യക്തിഗത മെഡൽ വിൻഭാഗത്തിൽ ആറാംസ്ഥാനവും നേടിയ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗം വി അഖിൽ



സംസ്ഥാനതല സ്കൂൾ ഗെയിംസിൽ റോളർ സ്കേറ്റിങ് ക്വാഡ്റൈസ് റോഡ് വിഭാഗത്തിൽ നാലാം സ്ഥാനം നേടിയ അബ്ദുല്ല നവാസ്



നന്ദി ........